ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ

295 (1769) ശ്രീ. രാജു എബ്രഹാം :

ശ്രീ. സാജു പോൾ :

ശ്രീ. കെ. ദാസൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയും അവ കെൽട്രോണിൽ നിന്നും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കാര്യത്തിൽ 19-12-2014, 8-4-2015 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടർ അയച്ച പ്രൊപ്പോസലുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) 25-12-2014-ന് IB1/135/2014/LSGD നമ്പറായി ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) കെൽട്രോൺ ചീഫ് ജനറൽ മാനേജരുടെ 7-7-2015-ലെ TVM/ITBG/SK/0707/15-16 നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-7-2015 ലെ സ.ഉ.(കൈ) നമ്പർ 241/2015/തസ്വഭവ നമ്പർ ഉത്തരവ് ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ പുറപ്പെടുവിച്ചത് ; പ്രസ്തുത കാര്യത്തിൽ അന്തിമമായി തീരുമാനം എടുത്തത് ആരാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) അനുബന്ധം 3 ആയി ചേർക്കുന്നു.*

(ഇ) അല്ല. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly